## പതിമൂന്നാം കേരളനിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3457 16.12.15-ൽ മറുപടിക്ക്

### തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിനും, പ്രവർത്തനത്തിനും ഏർപ്പെടുത്തിയ പുതിയ രീതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (എ) പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി ആസൂത്രണ മാർഗ്ഗരേഖ (സ.ഉ (എം.എസ്)362/13/തസ്വഭവ തീയതി 16.11.2013) പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ചുവടെ വിവരിക്കുന്ന രീതിയിൽ പദ്ധതി രൂപീകരണ-അംഗീകാര-നിർവ്വഹണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.<br><br>(i) ഓരോ തദ്ദേശഭരണ സ്ഥാപനവും തയ്യാറാക്കുന്ന വികസന രേഖയെ അടിസ്ഥാനമാക്കി 5 വർഷത്തേയ്ക്കുള്ള പ്രോജക്ടുകളുടെ സംഗ്രഹം ഉൾപ്പെടുന്ന പഞ്ചവൽസര പദ്ധതിയും അതിന്റെ അടിസ്ഥാനത്തിലുള്ള വാർഷിക പദ്ധതിയും തയ്യാറാക്കുന്നു.<br><br>(ii) മുൻ വർഷത്തെ പദ്ധതി നിർവ്വഹണത്തിലെ അനുഭവങ്ങൾ ഉൾക്കൊണ്ട് നടപ്പു വർഷം പദ്ധതികളിൽ കാലോചിത മാറ്റങ്ങൾ ആവശ്യമെങ്കിൽ വരുത്തേണ്ടതാണ്.<br><br>(iii) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു വിനിയോഗത്തിൽ കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ട് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് പൊതു വിഭാഗം വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ 45%-ൽ അധികരിക്കാത്ത തുക പശ്ചാത്തല മേഖലയ്ക്കായി നീക്കി വയ്ക്കാവുന്നതാണ്. മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും 55%-വും ജില്ലാ പഞ്ചായത്തിന് 50%-വും ആണ്. |

(iv) പട്ടികജാതി വിഹിതത്തിൽ റോഡുകളുടെ കാര്യത്തിൽ കോളനികൾക്കുള്ള റോഡുകൾക്കു മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

(v)എസ്.സി.പി/റ്റി.എസ്.പി ഫണ്ടിൽ കുറഞ്ഞത് 10% യുവജന വികസന പരിപാടികൾക്കായി വകയിരുത്തേണ്ടതാണ്.

(vi) എല്ലാ വാർഡുകളിലും ഗ്രാമ/വാർഡ് കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്.

(vii) പദ്ധതി രൂപീകരണ അംഗീകാര നടപടികൾ പൂർണ്ണമായും വെബ് അധിഷ്ഠിതമാക്കി.

(viii) പ്രോജക്ട് അംഗീകാര നടപടി കൂടുതൽ ലളിതമാക്കി. പ്രോജക്ട് അംഗീകാരത്തിനുള്ള സാങ്കേതിക ഉപദേശക സമിതിയെ ഒഴിവാക്കുകയും അംഗീകാര നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേലുദ്യോഗസ്ഥന്റെ ചുമതലയിലാക്കുകയും ചെയ്തു.

(ix) പ്രോജക്ടുകൾക്ക് അനുമതി ലഭിക്കുന്നതിനെ കുറിച്ച് ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കുമുള്ള പരാതി പരിശോധിച്ച് തീർപ്പു കൽപ്പിക്കുന്നതിനായി സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റി രൂപീകരിച്ചു.

**സെക്ഷൻ ഓഫീസർ**